പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1825 **26-10-2026-ൽ മറുപടിയ്ക്ക്**

പി.ആർ.ഡി.യിലെ പരസ്യ ഏജൻസികളുടെ പാനൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. ജ്യോതികുമാർ ചാമക്കാല	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച പരസ്യ ഏജൻസികളുടെ പാനൽ പബ്ലിക് റിലേഷൻസ് വകുപ്പ് (പി.ആർ.ഡി)പുതുക്കിയിരുന്നോ;വ്യക്തമാക്കുമോ;

മറുപടി: 2024 ൽ പുതുക്കിയിട്ടുണ്ട്. ഐ & പി.ആർ (സി) വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച 02/11/2020 ലെ സ.ഉ (കൈ) നമ്പർ 6/2020/ഐ&പി.ആർ.ഡി പ്രകാരമുള്ള പരസ്യ ഏജൻസികളുടെ പാനൽ 20/02/2024 ലെ സ.ഉ (കൈ) നമ്പർ 4/2024/ഐ&പി.ആർ.ഡി പ്രകാരം പുതുക്കിയിരുന്നു. 2027 ഫെബ്രുവരിയിൽ പ്രസ്തുത പട്ടികയുടെ കാലാവധി തീരുന്ന സാഹചര്യത്തിൽ എംപാനൽമെന്റ് പട്ടിക നവീകരിക്കുന്നതിന് D3/552/2026/I&PRD നമ്പർ ഫയൽ പ്രകാരം നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) എന്റെ കേരളം, നവകേരള സദസ്സ് തുടങ്ങിയ പരിപാടികളുടെ നടത്തിപ്പ് കരാർ നേടിയത് ഈ പാനലിലുള്ള സ്ഥാപനങ്ങൾ ആയിരുന്നോ;പാനലിൽ നിന്നും ടെൻഡർ ഇല്ലാതെ സ്ഥാപനങ്ങൾക്ക് കരാർ നൽകിയിരുന്നോ;വിശദമാക്കുമോ;

മറുപടി: 24/05/2023 ലെ സി2/34/2023 നമ്പർ നടപടിക്രമം പ്രകാരം എംപാനൽ ചെയ്യപ്പെട്ട ഏജൻസികൾക്ക് ടെൻഡർ നടപടികൾ സ്വീകരിച്ച് എൻറെ കേരളം, നവകേരള സദസ്സ് എന്നീ പരിപാടികളുടെ ഹോർഡിങ് പരസ്യങ്ങൾ നൽകിയിട്ടുണ്ട്. എൻറെ കേരളം, നവകേരള സദസ്സ് തുടങ്ങിയ പരിപാടികളുമായി ബന്ധപ്പെട്ട് വിവര-പൊതുജന സമ്പർക്ക വകുപ്പിന് കീഴിലുള്ള എംപാനൽഡ് ഏജൻസികൾ മുഖാന്തിരം വീഡിയോകൾ, ഹ്രസ്വ ചിത്രങ്ങൾ, മ്യൂസിക്കൽ ആൽബം/ മ്യൂസിക്കൽ വീഡിയോ എന്നിവ നിർമ്മിച്ചിട്ടുണ്ട്. നടത്തിപ്പ് കരാർ നൽകിയിട്ടില്ല.

(സി) മുൻ സർക്കാരിന്റെ കാലത്തെ പേർസണൽ സ്റ്റാഫിലെ പ്രസ്സ് സെക്രട്ടറിയുടെ മകന്റെ സ്ഥാപനം,കണ്ണൂരിലെ പാർട്ടി നേതാവിന്റെ ബന്ധുവിന്റെ സ്ഥാപനം തുടങ്ങിയവ കരാറുകൾ നേടിയിരുന്നോ;വ്യക്തമാക്കുമോ;

മറുപടി: വിവരങ്ങൾ ലഭ്യമല്ല.

(ഡി) കഴിഞ്ഞ സർക്കാരിൽ പ്രധാന ചുമതലകൾ വഹിച്ചിരുന്ന ചില ഉദ്യോഗസ്ഥരുടെ ബെനാമി സ്ഥാപനങ്ങളും പാനലിൽ ഉണ്ടെന്നുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ;വിശദമാക്കുമോ?

മറുപടി: വിവരങ്ങൾ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ